LIBRARY ARCHIVES Kerala Legislative Assembly

ശ്രീമതി കെ. ആർ ഗൗരി : അടിസ്ഥാന നികുതിയുടെ തത്വം എന്തുതന്നെ പറഞ്ഞാലും ഭൂനികുതി ചാർജ് ഓൺ പ്രോപ്പർട്ടിയാണു്. അപ്പോൾ Crop അറാച്ച ചെയ്യാറുണ്ടു്. കൈവശക്കാരൻ അവരുടെ ക്രോപ്പ് അറാച്ച് ചെയ്യരുതെന്നു കരുതി നികുതി കൊടുക്കും, വലിയ ജന്മിമാർ കൊടുത്തിരിക്കുകയില്ല. രണ്ടുകൊല്ലത്തിനിടയ്ക്കു് ആക്ടും കൊടുക്കേണ്ടി വന്നിട്ടില്ല.

ശ്രീ. പന്തളം പി. ആർ. മാധവൻപിള്ള : രണ്ടേക്കർ താഴെ ഭൂമിയുള്ളവരുടെ നികുതി കുടിശ്ശിക ഇളവു ചെയ്യാൻ നടപടി സ്വീകരിക്കുമോ ?

ശ്രീമതി കെ. ആർ. ഗൗരി : കഴിഞ്ഞ കൊല്ലം മുതൽക്കു രണ്ടേക്കർ ഭൂമിയുള്ളവർക്കു നികുതി കൊടുക്കേണ്ടതില്ല. അതിനു മുമ്പുള്ള കാര്യം ഇപ്പോൾ ഗവണ്മെൻറു പരിഗണിച്ചിട്ടില്ല.

ശ്രീ. പി. കെ. രാഘവൻ: 1957 മുതൽ കൊടുക്കേണ്ട എന്നുള്ള ഒരു ഉത്തരവു ഉണ്ടാക്കുകയും ഇപ്പോൾ പത്തുകൊല്ലത്തേയ്ക്കു ഒന്നിച്ചു കൊടുക്കുവാൻ വ്യവസ്ഥ ചെയ്തിരിക്കുന്നതുകൊണ്ടു വളരെയധികം ബുദ്ധിമുട്ടു നേരിട്ടുകൊണ്ടിരിക്കുകയാണെന്നുള്ളതു പരിഗണിച്ചു ഇപ്പോൾ കൊടുക്കണമെന്നു പറയുന്ന നികുതിയെ സംബന്ധിച്ചിടത്തോളം ഒരു പരിശോധന കൂടി നടത്തുവാൻ ഗവണ്മെൻറു തയ്യാറാകുമോ ?

ശ്രീമതി കെ. ആർ. ഗൗരി : ഭൂപതിവു രൂപ്രകാരം 1961 മുതൽ ഉള്ള അടിസ്ഥാന നികുതി മാത്രം ഇളവാക്കാനാണു് വ്യവസ്ഥ. അർഹതപ്പെട്ട ആളുകൾക്കേ ഇതു ബാധകമാകു. പതിച്ചു കിട്ടാൻ അർഹതയില്ലാത്തവർ മുഴുവൻ കുത്തകപ്പാട്ടവും കൊടുക്കണം.

ശ്രീ. വി. കുട്ടികൃഷ്ണൻ നായർ : മലബാർ ഭാഗത്തു ചെറുകിട കർഷകരാണു ധാരാളമുള്ളതു്. പന്ത്രണ്ടു കൊല്ലം ബാക്കിയുള്ളതു് ചെറുകിട കർഷകരാ സംബന്ധിച്ചിടത്തോളം ഇളവു ചെയ്യാൻ ദയവുണ്ടാകുമോ ?

ശ്രീമതി കെ. ആർ. ഗൗരി : രണ്ടു ഏക്കറിനു താഴെയുള്ളതു് കഴിഞ്ഞ കൊല്ലം മുതൽക്കു് പിരിക്കുന്നില്ല. പത്തു ഏക്കറിനു താഴെയുള്ള എല്ലാ ഏക്കറിനു ഇളവു ചെയ്യുന്നതെന്നെല്ലാം പൊതുവേ ആലോചിക്കേണ്ട കാര്യമാണു്. ഇപ്പോൾ അവ റദ്ദു് ചെയ്യാൻ സാദ്ധ്യമല്ല.

ശ്രീ. ബി. മാധവൻ നായർ : അടിസ്ഥാന നികുതി പൂർണ്ണമായി നിറുത്തലാക്കുന്നതിനു നടപടി സ്വീകരിക്കുമോ ?

ശ്രീമതി കെ. ആർ. ഗൗരി : ഇപ്പോൾ ആ കാര്യം ആലോചനയിലില്ല.

കയർ തൊഴിലാളികളുടെ കൂലി

* 29. [51] ശ്രീ. വി. ശ്രീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് തൊഴിൽമന്ത്രി സദയം മറുപടിനൽകുമോ :

(എ) കയർപിരി തൊഴിലാളികളുടെ കൂലിക്രമം നിശ്ചയിച്ചുകൊണ്ടു് കയർപിരി തൊഴിലാളി പ്രതിനിധികളും കയറുല്പാദകരും ഗവണ്മെൻറും തമ്മിലുണ്ടാക്കിയിട്ടുള്ള ഒത്തുതീർപ്പുവ്യവസ്ഥ പല കയറുല്പാദകരും പാലിക്കുന്നില്ല എന്നുള്ള വിവരം ഗവണ്മെൻറിനു് അറിവുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഒത്തുതീർപ്പുവ്യവസ്ഥപ്രകാരമുള്ള കൂലി നടപ്പിലാക്കുന്നതിനു് ഈ ഗവണ്മെൻറു് ഇതിനകം എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(സി) ഇല്ലെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കുമോ ;

(ഡി) അഞ്ചുതെങ്ങു കയറ്റുല്പാദിപ്പിക്കുന്ന ചിറയിൻകീഴ് താലൂക്കിന്റെ മിക്ക ഭാഗങ്ങളിലും ഒത്തുതീർപ്പുവ്യവസ്ഥപ്രകാരമുള്ള കൂലിക്കുവേണ്ടി കയർപിരി വ്യവസായിലാളികൾ നടത്തിവരുന്ന സമരം ഗവണ്മെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

തൊഴിൽമന്ത്രി (ശ്രീ. മത്തായിമാഞ്ഞൂരാൻ):

(എ, ബി, സി, ഡി) വിവരം ശേഖരിച്ചുവരുന്നു.

ശ്രീ. വി. ശ്രീധരൻ : ബഹുമാനപ്പെട്ട മന്ത്രിയുംകൂടി പങ്കെടുത്തുകൊണ്ടു ഒരു ഒത്തുതീർപ്പു വ്യവസ്ഥ ഉണ്ടാക്കിയിട്ടുള്ള വിവരം അറിയാമോ ?

ശ്രീ. മത്തായി മാഞ്ഞൂരാൻ : അറിയാം.

ശ്രീ. വി. ശ്രീധരൻ : അതിനെത്തുടർന്നു ചില പരാതികൾ ഗവണ്മെൻറിനു കിട്ടിയിട്ടില്ലേ ?

ശ്രീ. മത്തായിമാഞ്ഞൂരാൻ : ചില പരാതികൾ കിട്ടിയിട്ടുള്ളതായി അറിയാം. അതിനെ സംബന്ധിച്ച മുഴുവൻ അന്വേഷണവും പൂർത്തിയാകാത്തതുകൊണ്ടാണു് വിവരം ശേഖരിച്ചുവരുന്നുവെന്നു പറഞ്ഞതു്. അതു സംബന്ധിച്ച മറുപടികൾ കിട്ടിയിട്ടില്ല.

ശ്രീ. വി. ശ്രീധരൻ : ഈ വിവരങ്ങൾ ശേഖരിച്ചു വരുന്നതിനു എത്ര സമയം വേണ്ടിവരുമെന്നു പറയാമോ ?

ശ്രീ. മത്തായിമാഞ്ഞൂരാൻ : കൃത്യമായി ഇപ്പോൾ പറയാൻ സാദ്ധ്യമല്ല. ഇവിടെ കിട്ടുന്ന എട്ടു ദിവസത്തിനുള്ളിൽ ശേഖരിക്കുവാൻ സാധിക്കുകയില്ല എന്നറിയാം. അതിനെപ്പറ്റിയുള്ള സക്കുലർ അസിസ്റ്റൻറ് ലേബർ ആഫീസർക്കും ബന്ധപ്പെട്ട മറ്റാളുകൾക്കും അയച്ചിട്ടുണ്ടു്. അവരുടെ മറുപടി മുഴുവൻ കിട്ടിയാൽ മാത്രമേ പൂർണ്ണവിവരം ലഭിക്കുകയുള്ളൂ.

ശ്രീ. വി. ശ്രീധരൻ : ഗവണ്മെൻറു ഒത്തുതീർപ്പു വ്യവസ്ഥകൾ ഉണ്ടാക്കുമ്പോൾ ആ ഒത്തുതീർപ്പു വ്യവസ്ഥകൾ നടപ്പിൽവരുത്തുന്നതിനു എന്തെങ്കിലും ഒരു മെഷിനറി ഉണ്ടാക്കുന്നതിനു ശ്രമിക്കുമോ ?

ശ്രീ. മത്തായി മാഞ്ഞൂരാൻ : ഗവണ്മെൻറുംകൂടി ചേർന്നുണ്ടാക്കുന്ന ഒത്തുതീർപ്പു വ്യവസ്ഥകൾ നടപ്പിലാക്കുവാൻ ഒരു മെഷിനറി വന്നിട്ടുണ്ടു്. അതു നടപ്പിലാക്കി കൊണ്ടിരിക്കുകയുമാണു്. എവിടെയാണു് തകരാറുവന്നിരിക്കുന്നതെന്നു അറിയാതെ, എവിടെയാണു് നടപ്പിലാക്കാതിരിക്കുന്നതെന്നു ശരിക്കും മനസ്സിലാക്കാതെ വിവരം പറയുവാൻ സാധിക്കുകയില്ല. അതുകൊണ്ടാണു് വിവരം ശേഖരിക്കുന്നുവെന്നു പറഞ്ഞതു്.

ശ്രീ. സി. കെ. ബാലകൃഷ്ണൻ : ഒത്തുതീർപ്പു വ്യവസ്ഥകളെ സംബന്ധിച്ച വിവരങ്ങൾ ശേഖരിക്കുന്നു എന്നാണു് പറഞ്ഞതു്. വിവരങ്ങൾ ശേഖരിച്ചു നടപ്പിൽ വരുത്തുന്ന കാലത്തിനുള്ളിൽ തന്നെ തൊഴിൽ നിറുത്തി വച്ചിരിക്കുന്നതിന്റെ ഫല മായിട്ടു കയർ തൊഴിലാളികൾ പട്ടിണി കിടക്കുന്നതിന്റെ അടിസ്ഥാനത്തിൽ ഇവർക്കു രണ്ടാഴ്ച സൗജന്യ റേഷൻ നൽകുവാൻ വ്യവസ്ഥയുണ്ടാക്കുമോ ?

ശ്രീ. മത്തായിമാഞ്ഞൂരാൻ : ഈ കാര്യത്തെപ്പറ്റി ആ അടിസ്ഥാനത്തിൽ ആലോചിക്കണമെങ്കിൽ ലേബർ ഡിപ്പാർട്ടുമെൻറിന്റെ ഇംപ്ലിമെൻറേഷൻ മെഷിനറിയുടെ നേരെ പരാതി വരണം, റിലീഫ് സാമാന്യതത്വമനുസരിച്ചു് എപ്പോഴും ചെയ്യാവുന്നതാണു്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. എ മജീദ്: കയർത്തൊഴിലാളികളുടെ കൂലി വർദ്ധിപ്പിക്കുന്നതിനുള്ള ഒരു റിപ്പോർട്ട് സമർപ്പിക്കുന്നതിനുവേണ്ടി ഒരു അഡ്വൈസറി കമ്മറ്റിയെ നിയമിച്ചിട്ടുണ്ടോ; അതിന് എന്തെങ്കിലും കാലാവധി നിശ്ചയിച്ചിട്ടുണ്ടോ ?

ശ്രീ. മത്തായി മാഞ്ഞൂരാൻ: ശുപാർശ Minimum Wages Advisory ബോർഡിൽ സമർപ്പിക്കും. അവിടെനിന്നും റിപ്പോർട്ട് കിട്ടണം.

ശ്രീ. ടി. എ. മജീദ്: മിനിമം വേജ് നിശ്ചയിക്കുവാൻ ഒരു കമ്മറ്റിയെ നിശ്ചയിച്ചിട്ടുണ്ടോ, അതിന് എന്തെങ്കിലും കാലാവധിയുണ്ടോ എന്നാണ് ഞാൻ ചോദിച്ചത്?

ശ്രീ. മത്തായി മാഞ്ഞൂരാൻ: റിപ്പോർട്ട് കിട്ടും. കാലാവധി കർശനമായി നിശ്ചയിക്കാറില്ല.

ശ്രീ. ടി. എ. മജീദ്: കയർ തൊഴിലാളികളുടെ കൂലി പരിമിതമായതുകൊണ്ടും ക്ലിപ്തകാലാവധി നിശ്ചയിച്ചിട്ടില്ലാത്തതുകൊണ്ടും കാലതാമസം ഉണ്ടാകുന്നതുമൂലം തൊഴിലാളികൾക്ക് ബുദ്ധിമുട്ടുണ്ടാകുന്നതുകൊണ്ടും നിശ്ചിത കാലാവധിക്കുള്ളിൽ റിപ്പോർട്ട് സമർപ്പിക്കണമെന്ന അഡ്വൈസറികമ്മറ്റിയോട് ശുപാർശ ചെയ്യുമോ ?

ശ്രീ. മത്തായി മാഞ്ഞൂരാൻ: ഈ കാര്യത്തെപ്പറ്റി നിർബന്ധബുദ്ധിയോടുകൂടി പറയുവാൻ തോന്നാത്തതു 1954-ൽ നിശ്ചയിച്ച മിനിമംവേജ് ഇപ്പോഴും നടപ്പിലാക്കാൻ സാധിച്ചിട്ടില്ലാത്തതുകൊണ്ടാണ്. ആ സ്ഥിതിക്ക് 1968-ലെ കാര്യം പറയാനുമില്ല.

ശ്രീ. കെ. കരുണാകരൻ: 'ബി'യുടെ ഉത്തരത്തിന് വിവരം ശേഖരിച്ചുവരുന്നു എന്നാണ് മറുപടി പറഞ്ഞത്. എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുള്ളതായി ബഹുമാനപ്പെട്ട മന്ത്രിക്കറിയാമോ?

ശ്രീ. മത്തായി മാഞ്ഞൂരാൻ: വിവരം ശേഖരിച്ചുവരുന്നുവെന്ന പറഞ്ഞതിൽ നിന്നും എന്താണുദ്ദേശിച്ചിട്ടുള്ളതെന്ന് മനസ്സിലാക്കാവുന്നതാണ്.

ശ്രീ. കെ. കരുണാകരൻ: ഗവണ്മെന്റ് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ?

ശ്രീ. മത്തായി മാഞ്ഞൂരാൻ: വിവരങ്ങൾ ശേഖരിക്കുകയാണ് എന്നു പറഞ്ഞിട്ടുള്ളതു് എവിടെയെല്ലാമാണ് ഈ ഒത്തുതീർപ്പ് നടപ്പാക്കാത്തതു്, എവിടെയൊക്കെ നടപ്പാക്കിയിട്ടുണ്ട് എന്നെല്ലാമുള്ള വിവരങ്ങളാണ്. ഇതൊരു വിവാദവിഷയമാണെന്നു എനിക്കു തോന്നുന്നില്ല.

ശ്രീ. ബി. മാധവൻ നായർ: ചിറയിൻകീഴ് താലൂക്കിൽ കയർ തൊഴിലാളികൾ നടത്തിവരുന്ന സമരം അവസാനിപ്പിക്കുവാനും അവരുടെയിടയിലുള്ള പട്ടിണിക്കു് ഒരാശ്വാസം നൽകുവാനും ലേബർമന്ത്രി നേരിട്ട് എന്തെങ്കിലും നടപടി സ്വീകരിക്കുമോ?

ശ്രീ. മത്തായി മഞ്ഞൂരാൻ: ഇപ്പോൾ അങ്ങനെ സമരം നടത്തിവരുന്നുണ്ടെന്നും അതിന് ഗവണ്മെന്റ് എന്തു ചെയ്യണമെന്നും ഉള്ളതിനെ സംബന്ധിച്ച രേഖയൊന്നും ഇപ്പോൾ എന്റെ കൈവശമില്ല.

ശ്രീ. ബി. മാധവൻ നായർ: ഞാൻ ചോദിച്ചതു് ബഹുമാനപ്പെട്ട മന്ത്രി ഞങ്ങളും പറഞ്ഞ കാര്യങ്ങളും കണക്കിലെടുത്തുകൊണ്ട് നേരിട്ട് ഇടപെട്ട

LIBRARY ARCHIVES Kerala Legislative Assembly

എന്തെങ്കിലും ചെയ്യുമോ എന്നാണു്. ഈ സഭയിലെ മെമ്പറന്മാരായ ഞങ്ങൾക്കു് കിട്ടുന്ന വിവരം മന്ത്രിയെ ധരിപ്പിച്ചാൽ നേരിട്ട എന്തെങ്കിലും ആശ്വാസം നൽകുമോ എന്നാണു്.

ശ്രീ. മത്തായി മാഞ്ഞൂരാൻ: അതു് ഇൻഡസ്ട്രിയൽ ഡിസ്പ്യൂട്ടു് ആക്റ്റു് അനുസരിച്ചു് കൺസിലിയേഷൻ ആഫീസർ ആണു് നിശ്ചയിക്കുക. അദ്ദേഹത്തിന്റെ റിപ്പോർട്ട കിട്ടിയാൽമാത്രമേ നിയമപ്രകാരം ഗവണ്മെൻറിനു് എന്തെങ്കിലും ചെയ്യാൻ സാധിക്കുകയുള്ളു.

ശ്രീ. കെ കരുണാകരൻ: വിവരം ശേഖരിക്കുന്നതേയുള്ളു എങ്കിലും മിനിമം വേജു് ഇതുവരെ നടപ്പിലാക്കുവാനുള്ള കാലതാമസമെന്താണെന്നു് മന്ത്രിക്കു് പറയാവുന്നതാണു്?

ശ്രീ. മത്തായി മാഞ്ഞൂരാൻ: ബഹുമാനപ്പെട്ട കരുണാകരൻ പറയുന്ന കാര്യം എനിക്കു ശരിക്കു മനസ്സിലാക്കുവാൻ കഴിയുന്നില്ല. എപ്പോഴും മിനിമം വേജസ് നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചുകഴിഞ്ഞാൽ പിന്നെ അതു് നടപ്പിലാക്കുന്ന കാര്യമാണു്. ചിലപ്പോഴും ചില മുതലാളിമാർ നടപ്പിലാക്കുകയില്ല. അതിന്മേലാണു് ഗവണ്മെൻറു് നടപടി സ്വീകരിക്കാറുള്ളതു്. പക്ഷേ പതിനഞ്ചു കൊല്ലക്കാലമായിട്ടു് കേരളത്തിൽ സംബന്ധിച്ചിടത്തോളം മിനിമംവേജു് നടപ്പിലാക്കുവാൻ സാധിച്ചിട്ടില്ല എന്നുള്ളതു് ചരിത്രത്തിൽ കുപ്രസിദ്ധിയുള്ള കാര്യമാണു്.

ശ്രീ. കെ. കരുണാകരൻ: കയർ വ്യവസായത്തിൽ മിനിമം വേജസ് നടപ്പിലാക്കുന്നതിനു് തൊണ്ടുവില നിയന്ത്രിക്കാത്തതു് ഒരു തടസ്സമാണെന്നു് അറിയാമോ? അതുകൊണ്ടു് തൊണ്ടുവില നിയന്ത്രിക്കുന്നതിനുള്ള നടപടികൾ ഗവണ്മെൻറിൽനിന്നും സ്വീകരിക്കുമോ?

ശ്രീ. മത്തായി മാഞ്ഞൂരാൻ: ഭരണഘടനാപരമായും മാറ്റുമുള്ള കാരണങ്ങൾ ഉള്ളതുകൊണ്ടാണു് തൊണ്ടുവില നിയന്ത്രിക്കുന്നതിനെ സംബന്ധിച്ചു് ശ്രീ. കരുണാകരനെപ്പോലുള്ള ബഹുമാനപ്പെട്ട മെമ്പറന്മാർ ചോദിക്കുന്ന ചോദ്യങ്ങൾക്കു് പെട്ടെന്നു് ഉത്തരം പറയുവാനാവുമെന്നു് നിർബന്ധമില്ല.

ശ്രീ. എ. എസ്. പുരുഷോത്തമൻ: പല വ്യവസായങ്ങളിലും മിനിമം വേജസ് പരിഷ്കരിക്കണമെന്നു് പറയുന്നു എന്നാൽ ചില വ്യവസായങ്ങളിൽ മിനിമം വേജസ് നിശ്ചയിക്കുമ്പോൾ നിലവിലുള്ള കൂലിയെക്കാൾ കുറഞ്ഞുപോകാൻ ഇടയുണ്ടു്. അങ്ങനെയാണെങ്കിൽ അത്തരം വ്യവസായങ്ങളിൽ കൂടുതൽ കുഴപ്പങ്ങൾ ഉണ്ടാകുമെന്നുള്ള കാര്യം കണക്കിലെടുത്തു്, അത്തരം വ്യവസായങ്ങളിൽ ഉയർന്ന മിനിമംവേജസ് നിശ്ചയിക്കുന്ന കാര്യം പരിഗണിക്കുമോ?

ശ്രീ. മത്തായി മാഞ്ഞൂരാൻ: ഇതു് കയർവ്യവസായത്തെപ്പറ്റിയുള്ള ചോദ്യമാണു്. കയർവ്യവസായത്തിന്റെ തകർച്ചയുടെ കാരണം എന്താണെന്നും, ആ കാരണം എങ്ങനെ പരിഹരിക്കണമെന്നും ഉള്ളതിനെക്കുറിച്ചു് പഠിച്ചു് റിപ്പോർട്ട ചെയ്യാൻ സ്റ്റാറ്റു് ആർബിട്രേഷൻബോർഡിനെ നിശ്ചയിച്ചിട്ടുണ്ടു്. അവരുടെ റിപ്പോർട്ടിൽ പറയുന്നതു് ഈ വ്യവസായത്തിൽ മിനിമം വേജസ് നടപ്പിലാക്കാൻ പ്രയാസമുള്ളതിന്റെ കാരണവും ഈ വ്യവസായം വിപുലീകരിച്ചാണു് നടത്തുന്നതു് എന്നതാണു്. നാലും അഞ്ചും ആളുകളെ വച്ചു യാതൊരു മൂലധനവും ഇല്ലാത്ത മുതലാളിമാരാണു് ഈ വ്യവസായം അധികവും നടത്തുന്നതു്. അതുകൊണ്ടു് അവരുടെ മേൽ യാതൊരു സമ്മർദ്ദവും ചെയ്യാൻ സാധിക്കുകയില്ല. ഇല്ലാത്തവരുടെ മുതലാളിത്വത്തിന്റെ കുറ്റമാണു് ഈ വ്യവസായം. ഈ വ്യവസായത്തെ പുനഃസംഘടിപ്പിക്കുന്നതിനു് വല്ല മാർഗ്ഗവും ഉണ്ടോയെന്നു നോക്കി, ആ മാർഗ്ഗം വല്ലതും അവലംബിച്ചാൽ മാത്രമെ ഇതിനൊരു പരിഹാരം ഉണ്ടാകുകയുള്ളുവെന്നാണു് തോന്നുന്നതു്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ. ചന്ദ്രശേഖരൻനായർ : 1954-ൽ കൊണ്ടുവന്ന മിനിമം വേജസ് നടപ്പിലാക്കാൻ സാധിച്ചിട്ടില്ലെന്നു് മന്ത്രി വ്യക്തമായ കാരണങ്ങളോടു പറഞ്ഞ സ്ഥിതിക്കു് പിന്നെ എന്തിനാണു് അതിനുവേണ്ടി ഒരു കമ്മിറ്റിയെ ഏർപ്പെടുത്തിയതു് ?

ശ്രീ. മത്തായി മാഞ്ഞൂരാൻ : ഞാൻ പറഞ്ഞതു് അടിസ്ഥാന പ്രശ്നം പഠിച്ചതിനുശേഷം മാത്രമെ ഇതു് നടപ്പിലാക്കാൻ സാധിക്കുകയുള്ളുവെന്നാണു്.

ശ്രീ. ടി. എ. മജീദ് : കയർവ്യവസായം പുനഃസംഘടിപ്പിക്കാൻ പദ്ധതിയുണ്ടെന്നും ആ പദ്ധതി അടിയന്തിരമായി നടപ്പിലാക്കുമെന്നും പത്രത്തിൽ കാണുകയുണ്ടായി. ആ പദ്ധതി എന്താണെന്നു് പറയാമോ ?

ശ്രീ. മത്തായി മാഞ്ഞൂരാൻ : പത്രങ്ങളിൽ വന്ന പദ്ധതി ഞാൻ കണ്ടില്ല, അതുകൊണ്ടു് വിശദീകരിക്കാൻ പ്രയാസമാണു്. കയർ വ്യവസായത്തെപ്പറ്റി പഠിച്ചു് റിപ്പോർട്ട ചെയ്യുന്നതിനു് സ്റ്റേറ്റു് ആർബിട്രേഷൻ ബോർഡിനോടു പറഞ്ഞിട്ടുണ്ടു്. ഈ വ്യവസായത്തിന്റെ വികേന്ദ്രീകരണംകൊണ്ടും മൂലധനം ഇല്ലാത്ത മുതലാളിമാർ ഇതിൽ പ്രവർത്തിക്കുന്നതുകൊണ്ടുമാണു് ഈ വ്യവസായം തകർച്ചയിലായതു്. ഇന്നത്തെ ഫാക്ടറീസ് ആക്ടിൽ മാറ്റംവരുത്തി, അതായതു് ഒരു വ്യവസായം നടത്തുന്നവർക്കു ഏറ്റവും കുറഞ്ഞ മൂലധനം ഇത്ര വേണമെന്നുള്ള ഒരു വ്യവസ്ഥ അതിൽ വരുത്തണം. എങ്കിൽ മാത്രമേ ഇതിനൊരു പരിഹാരം കാണാൻ സാധിക്കുകയുള്ളു. അതിനെപ്പറ്റി കൂടുതൽ പഠിച്ചുവരികയാണു്.

ശ്രീ. എ. എസ്. പുരുഷോത്തമൻ : കയർവ്യവസായത്തിന്റെ തകർച്ചയ്ക്കു കുറച്ചെങ്കിലും പരിഹാരം ഉണ്ടാക്കുന്നതിനു് മടൽവില നിയന്ത്രിക്കുന്നതിനു് ഉപദേശക കമ്മിറ്റിയുടെ റിപ്പോർട്ട കിട്ടിയാലുടനെ നടപടികയും എടുക്കുമോ ?

ശ്രീ. മത്തായി മാഞ്ഞൂരാൻ : മടൽ വില നിയന്ത്രിക്കുക എന്നുള്ളതു് വളരെ സദുദ്ദേശമായ കാര്യംതന്നെയാണു്.

ശ്രീ. ജോസഫ് ചാഴിക്കാടൻ : ബഹുമാനപ്പെട്ട മന്ത്രി മുമ്പാരിക്കൽ പറയുകയുണ്ടായി, മലയാള പത്രങ്ങൾ വായിക്കാറില്ലെന്നു്. എന്നാൽ കയർവ്യവസായത്തെക്കുറിച്ചുള്ള കാര്യങ്ങൾ അറിയുന്നതിനു് മലയാളം പത്രങ്ങൾ വായിച്ചാലേ സാധിക്കുകയുള്ളു. അതുകൊണ്ടു് ഇനിയെങ്കിലും ബഹുമാനപ്പെട്ട മന്ത്രി മലയാളം പത്രങ്ങൾ കൂടി വായിക്കുന്നതിനു് ശ്രമിക്കുമോ ?

ശ്രീ. മത്തായി മാഞ്ഞൂരാൻ : ഇത്തരം അഭ്യൂഹപരമായ കാര്യങ്ങൾക്കു് മറുപടി പറയാൻ പ്രയാസമാണു്. മലയാള പത്രങ്ങൾ വായിച്ചതുകൊണ്ടുമാത്രം കയർ വ്യവസായത്തെപ്പറ്റിയുള്ള കാര്യങ്ങൾക്കു് മറുപടി പറയാൻ സാധിക്കുകയില്ല. കാരണം കയർ വികേന്ദ്രവിപണിയിൽ വിൽക്കുന്ന ഒരു സാധനമാണു്. മാത്രമല്ല മലയാളത്തിൽ കയറിനു് പ്രാധാന്യം കുറവുമാണു്. അതുകൊണ്ടു് മലയാളം വായിക്കണമെന്നുള്ള നിർബന്ധം കയറിനെസംബന്ധിച്ചിടത്തോളം ആവശ്യമില്ലെന്നാണു് എനിക്കു് പറയുവാനുള്ളതു്.

ശ്രീ. ടി. കെ. രാമകൃഷ്ണൻ : മലയാളം പത്രങ്ങൾ വായിച്ചാൽ കയറിന്റെ പിരിമുറുക്കത്തെ സംബന്ധിച്ചു് അറിയാമായിരുന്നുവെന്നറിയാമോ ?

ശ്രീ. മത്തായി മാഞ്ഞൂരാൻ : കയർ ചിലപ്പോൾ അയഞ്ഞിരിക്കാറുണ്ടു്.

ശ്രീ. കെ. എം. മാണി : ഇവിടെ ചോദിച്ചിട്ടുള്ള ചോദ്യങ്ങൾക്കു മുഴുവൻ വിവരം കിട്ടിയിട്ടില്ലെന്നു് ബഹുമാനപ്പെട്ട മന്ത്രി പറയുകയുണ്ടായി. എന്നാൽ ബഹുമാനപ്പെട്ട മന്ത്രിക്കു് കുറച്ചെങ്കിലും വിവരം ഉണ്ടെങ്കിൽ അതു പറയാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. മത്തായി മാഞ്ഞൂരാൻ : ഇതു് മന്ത്രിയുടെ വിവരം അല്ല. കയർ വ്യവസായത്തെ സംബന്ധിച്ചുള്ള വിവരമാണു് ശേഖരിച്ചുവരുന്നതു്. അതു് കിട്ടിയാലുടനെ പറയാം.

കുടുംബാസൂത്രണത്തിനു് തീവ്രയത്നപരിപാടി.

30. [52] ശ്രീ. സി. ബി. ചന്ദ്രശേഖരവാര്യർ
,, പി. കെ. കുഞ്ഞച്ചൻ
,, സി. ഗോവിന്ദപ്പണിക്കർ
,, എം. കെ. കേളു
,, ഈ. പി. കൃഷ്ണൻനമ്പ്യാർ
,, ആർ കൃഷ്ണൻ (പാലക്കാടു്) : താഴെ കാണുന്ന ചോദ്യങ്ങൾക്കു് ആരോഗ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുടുംബാസൂത്രണത്തിനു് ഒരു തീവ്രയത്നപരിപാടി നടപ്പിലാക്കുവാൻ പോകുന്നു എന്ന വാർത്ത ശരിയാണോ ;

(ബി) ശരിയാണെങ്കിൽ അതേപ്പറ്റിയുള്ള വിശദവിവരങ്ങൾ വെളിപ്പെടുത്തുവാൻ ദയവുണ്ടാകുമോ ?

ആരോഗ്യമന്ത്രി (ശ്രീ. ബി. വെല്ലിംഗ്ടൺ) :

(എ) 16-7-1969 മുതൽ 30-7-1969 വരെ കുടുംബാസൂത്രണത്തിനു് ഒരു തീവ്രയത്നപരിപാടി നടപ്പിലാക്കിയിരുന്നു.

(ബി) കുടുംബാസൂത്രണത്തിനുള്ള പദ്ധതികൾ നടപ്പിലാക്കുന്നതിൽ നിശ്ചയിക്കപ്പെട്ടിരിയ്ക്കുന്ന ടാർജറുകൾ നേടുന്നതിനുള്ള പരിശ്രമത്തെ ത്വരിതപ്പെടുത്തുന്നതിനു ഒരു വർഷത്തിൽ മൂന്നോ നാലോ പ്രാവശ്യം രണ്ടാഴ്ചക്കാലമോ ഒരു മാസക്കാലമോ നീണ്ടു നിൽക്കുന്ന കുടുംബാസൂത്രണ തീവ്രയത്നപരിപാടികൾ നടപ്പിലാക്കാറുണ്ടു്. ഇങ്ങനെയുള്ള തീവ്രയത്നപരിപാടികൾ കുടുംബാസൂത്രണ സേവനം നടത്തുന്ന എല്ലാ കേന്ദ്രങ്ങളിലും എല്ലാ ജില്ലാ താലൂക്കാശുപത്രികളിലും എല്ലാ ബ്ലോക്കുകളിലും പഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലും നടപ്പാക്കാറുണ്ടു്. ഇക്കാലത്തു് കുടുംബാസൂത്രണ ക്യാമ്പുകളും സെമിനാറുകളും സംഘടിപ്പിക്കപ്പെടുന്നു. വന്ധ്യംകരണ ശസ്ത്രക്രിയയും ലൂപ്പു നിക്ഷേപവും വൻതോതിൽ നടത്തുന്നതിനു് ഒരു തീവ്രശ്രമം ചെയ്യുന്നു. ഇക്കാലയളവിൽ പ്രശസ്തമായ സേവനമനുഷ്ഠിക്കുന്ന ഡോക്ടർമാർ ഉൾപ്പെടെയുള്ള കുടുംബാസൂത്രണ പ്രവർത്തകർക്കു് വ്യക്തിപരമായും സംസ്ഥാന തലത്തിലും ജില്ലാതലത്തിലും സമ്മാനങ്ങൾ നൽകാറുണ്ടു്. കുടുംബാസൂത്രണ തീവ്രയത്ന പരിപാടി തുടർച്ചയായി നടപ്പാക്കുന്നതിനു് കേരളത്തിലേയ്ക്കു് ജനസംഖ്യ കൂടിയ കൊല്ലം, എറണാകുളം എന്നീ ജില്ലകളും തിരഞ്ഞെടുക്കപ്പെട്ടിട്ടുണ്ടു്. ഈ ജില്ലകളിൽ ഐ. യു. സി. ഡി. സ്റ്റെറിലൈസേഷൻ, കൺവെൻഷനൽ കോൺട്രാസെപ്റ്റീവ്സ് എന്നിവയ്ക്കുള്ള ടാർജറു സാധാരണയുള്ളതിലും കൂടുതലായിരിയ്ക്കും.

ശ്രീ. പി കെ. കുഞ്ഞച്ചൻ : കുടുംബാസൂത്രണത്തോടു് അനുബന്ധിച്ചു നടത്തുന്ന ഓപ്പറേഷനുകൾ ചില സ്ഥലങ്ങളിലെങ്കിലും വേണ്ടത്ര ശ്രദ്ധ ചെലുത്താത്തതുകൊണ്ടു് അതെല്ലാം പരാജയപ്പെടുന്നു. അക്കാരണത്താൽ അതിനെക്കുറിച്ചുള്ള വിശ്വാസം ആളുകളിൽ ഇപ്പോതാകുന്നതായി അറിയാമോ ? അതുകൊണ്ടു് മേലിലെങ്കിലും ഇത്തരം ഓപ്പറേഷനുകൾ എല്ലാ സ്ഥലങ്ങളിലും വളരെ ശ്രദ്ധാപൂർവ്വം നടത്തുന്നതിനു് ശ്രമിക്കുമോ ?

ശ്രീ. ബി. വെല്ലിംഗ്ടൺ : ചില സ്ഥലങ്ങളിലെങ്കിലും കുടുംബാസൂത്രണത്തോടു് അനുബന്ധിച്ചു് നടത്തുന്ന ഓപ്പറേഷനുകൾ വിജയിക്കുന്നില്ലെന്നുള്ള ബഹുമാനപ്പെട്ട മെമ്പറുടെ പ്രസ്താവന തെറ്റിദ്ധാരണ ജനിപ്പിക്കുന്നതാണു്. ചുരുക്കം ചില

LIBRARY ARCHIVES Kerala Legislative Assembly